# കേരളസർവകലാശാല

നം.പി.ആർ.229/2020

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ബിരുദാനന്തര ബിരുദ പ്രവേശനം 2020
### സ്പോർട്സ് ക്വാട്ട പ്രവേശനം – സംബന്ധിച്ച്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തരബിരുദ കോഴ്സുകളിലേക്കുള്ള സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി.

വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് വെരിഫിക്കേഷൻ സ്റ്റാറ്റസ് നോക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പരാതിയുള്ളവർ നവംബർ 23 – നകം രേഖാമൂലം ഇ – മെയിൽ മുഖേനയോ (onlineadmission@keralauniversity.ac.in) നേരിട്ടോ പരാതി നൽകണം. ഈ പരാതികൾ പരിഗണിച്ച ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. വിശദവിവരങ്ങൾക്ക് 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

### കേരളസർവകലാശാല ഒന്നാംവർഷ ബിരുദ പ്രവേശനം 2020
### സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു
### കൗൺസിലിംഗ് നവംബർ 25 ന്

കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം – സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക്ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള കൗൺസിലിംഗ് നവംബർ 25 ന് ആണ് നടത്തുന്നത്. പ്രവേശനം ആഗ്രഹിക്കുന്ന, സ്പോർട്സ് ക്വാട്ട റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർ നവംബർ 25 ന് രാവിലെ 10.30 ന് അതതു കോളേജുകളിൽ ഹാജരായിരിക്കണം.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിംഗിൽ പങ്കെടുക്കാൻ രക്ഷാകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നത് എങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക്ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കൃത്യ സമയത്തു തന്നെ വിദ്യാർത്ഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരായിരിക്കേണ്ടതാണ്. റാങ്ക് അനുസരിച്ചാണ് കൗൺസിലിംഗ്, റാങ്ക് വിളിക്കുന്ന സമയം

വിദ്യാർത്ഥിയോ പ്രതിനിധിയോ ഹാജരില്ല എങ്കിൽ റാങ്ക് ലിസ്റ്റിലെ അടുത്തയാളെ പരിഗണിക്കുന്നതാണ്. പിന്നീടി ആ വിദ്യാർത്ഥിക്ക് ആ സീറ്റ് അവകാശപ്പെടാൻ സാധിക്കില്ല.

അഡ്മിഷന് ഹാജരാകുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ വിദ്യാർത്ഥി നേരിട്ട് എത്തി അസൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളവർ അഡ്മിറ്റ് മെമ്മോ ഹാജരാക്കണം. അങ്ങനെയുള്ളവർ സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം. പ്രിൻസിപ്പാൾ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം. പ്രിൻസിപ്പാൾ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിംഗിൽ നികത്തുന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല.

വിദ്യാർത്ഥികൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വെരിഫിക്കേഷൻ നടത്തിയാണ് സ്പോർട്സ് ക്വാട്ട റാങ്ക്ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ഒറിജിനൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ അതതു കോളേജുകളിൽ നടത്തുന്നതാണ്. സർട്ടിഫിക്കറ്റിൽ എന്തെങ്കിലും തെറ്റു കുറ്റങ്ങൾ ഉണ്ടെങ്കിൽ അഡമിഷൻ നിരസിക്കുന്നതാണ്. പ്രൊഫൈലിൽ ചേർത്തിട്ടില്ലാത്ത യാതൊരു സർട്ടിഫിക്കറ്റുകളും പരിഗണിക്കുന്നതല്ല. റാങ്ക് ലിസ്റ്റിൽ യാതൊരു വിധ മാറ്റവും അനുവദിക്കുന്നതല്ല.

അഡ്മിഷൻ ലഭിക്കുന്നവർ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അവരുടെ പ്രൊഫൈലിൽ നിന്നും ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഇതിനുള്ള ലിങ്ക് കോളേജിൽ നിന്നും ആക്ടീവ് ആക്കി നൽകും. യൂണിവേഴ്സിറ്റി ഫീസിന്റെ വിശദാംശങ്ങൾ പ്രോസ്പെക്ടസിൽ നൽകിയിട്ടുണ്ട്. അതോടൊപ്പം കോളേജിൽ അടയ്ക്കേണ്ട ഫീസും ഒടുക്കേണ്ടതാണ്. Temporary (താത്കാലിക) അഡ്മിഷൻ സ്പോർട്സ് ക്വാട്ടയിൽ ബാധകമല്ല എന്ന കാര്യം ശ്രദ്ധിക്കുക. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് കാണുക.

## പ്രാക്ടിക്കൽ

നവംബർ 9, 10 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. സ്റ്റാറ്റിസ്റ്റിക്സ് കോർ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 2 മുതൽ 4 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാകേന്ദ്രം

2020 നവംബർ 23 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ബി.എസ്.സി./ബി.കോം. ഡിഗ്രി പരീക്ഷകൾക്ക് ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് കുളത്തൂർ, നെയ്യാറ്റിൻകര കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ആയതിനാൽ ഇവിടെ വച്ച് നടത്താനുള്ള പരീക്ഷകൾ ഗവ.ഹയർ സെക്കന്ററി സ്കൂൾ, കുളത്തൂർ വച്ച് അന്നേ ദിവസം നടത്തുന്നതാണ്.

2020 നവംബർ 23 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്./സി.ആർ. ബി.എ./ബി.എസ്.സി./ബി.കോം. ഡിഗ്രി പരീക്ഷകൾക്ക് ഡോ.പൽപു കോളേജ് ഓഫ് ആർട്സ്

ആന്റ് സയൻസ് പാങ്ങോട്, പുതുശ്ശേരി, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ആയതിനാൽ ഇവിടെ വച്ച് നടത്താനുള്ള പരീക്ഷകൾ ഗവ.എച്ച്.എസ്.എസ്.കടയ്ക്കൽ വച്ച് അന്നേ ദിവസം നടത്തുന്നതാണ്.

നവംബർ 25 ന് നടത്താനിരുന്ന ബി.എ.ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സിന്റെ എൻവയോൺമെന്റ് സ്റ്റഡീസ് പരീക്ഷ (2015 അഡ്മിഷൻ മുതൽ) ഡിസംബർ 18 ന് അതത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

## സൂക്ഷ്മപരിശോധന

2020 ഏപ്രിലിൽ നടത്തിയ പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പരീക്ഷയുടെ ഉത്തരക്കടലാസിന്റെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ-X) നവംബർ 23 മുതൽ 25 വരെ ഹാജരാകേണ്ടതാണ്.

## പരീക്ഷാഫീസ്

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ 2013 സ്കീമിലെ 2016 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ഏഴാം സെമസ്റ്റർ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, സെപ്റ്റംബർ 2020 പരീക്ഷയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ നവംബർ 28 വരെയും 150 രൂപ പിഴയോടെ ഡിസംബർ 1 വരെയും 400 രൂപ പിഴയോടെ ഡിസംബർ 3 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

## പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (റെഗുലർ ആന്റ് സപ്ലിമെന്ററി), ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (മേഴ്സിചാൻസ് - 2012 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 ന് മുൻപ് ഓൺലൈനായി അപേക്ഷിക്കുക.

2020 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.കോം (റെഗുലർ,സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഡിസംബർ 4. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ ഒപ്റ്റോ ഇലക്ട്രോണിക്സ് വിഭാഗം നടത്തുന്ന എം.ടെക്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്റ്റോ ഇലക്ട്രോണിക്സ് ആന്റ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻസ്) കോഴ്സിന് 2020 - 21 ബാച്ചിൽ എസ്.സി., എസ്.ടി., സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റ് സഹിതം നവംബർ 24 ന് വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ ഇക്കണോമിക്സ് പഠനവകുപ്പിൽ ഒന്നാം വർഷ എം.എ.ഇക്കണോമിക്സ് (സി.എസ്.എസ്.) 2020 - 22 പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ രണ്ട് സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി നവംബർ

23 ന് രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2308309, 9446361223 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ കേരളപഠനവിഭാഗത്തിൽ ഒന്നാം വർഷ എം.എ. മലയാളസാഹിത്യം, കേരളപഠനം, മാധ്യമപഠനം (സി.എസ്.എസ്.) 2020 – 21 പ്രോഗ്രാമിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ ഓരോ സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുളളവർ അസൽ രേഖകളുമായി നവംബർ 27 ന് മുമ്പായി ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കുടുതൽ വിവരങ്ങൾക്ക് 9847343971 എന്ന നമ്പറിൽ ബന്ധപ്പെടുക.

കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിൽ ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എം.എ.ഹിസ്റ്ററി (സി.എസ്.എസ്.) 2020 – 21 പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുളളവർ അസൽ രേഖകളുമായി നവംബർ 24 ന് രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് 0471 – 2308839, 09446533386 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

## ഓൺലൈൻ പേയ്മെന്റ് സംവിധാനം പ്രവർത്തിക്കുന്നതല്ല

കേരളസർവകലാശാലയുടെ ഓൺലൈൻ പേയ്മെന്റ് സേവനം ബാങ്ക് സെർവർ പുതിയ പ്ലാറ്റ്ഫോമിലേക്ക് മാറുന്നതിനാൽ നവംബർ 21 ന് രാത്രി 10 മുതൽ നവംബർ 22 ന് രാവിലെ 8 വരെ ആപ്ലിക്കേഷൻ പ്രവർത്തനരഹിതമായിരിക്കും.

## പൂർവവിദ്യാർത്ഥി സംഗമം

കേരളസർവകലാശാലയുടെ കൊമേഴ്സ് വിഭാഗത്തിലെ പൂർവവിദ്യാർത്ഥി സംഗമം നവംബർ 22 ന് 3 മണിക്ക് കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഓൺലൈൻ മോഡിൽ നടത്തുന്നതാണ്. സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള വൈസ് ചാൻസലർ പ്രോഫ.എച്ച്.വെങ്കടേശ്വരലു യോഗം ഉദ്ഘാടനം ചെയ്യും. പ്രസ്തുത യോഗത്തിൽ കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.ഡോ.വി.പി.മഹാദേവൻ പിളള അദ്ധ്യക്ഷത വഹിക്കും. പൂർവവിദ്യാർത്ഥി സംഗമം അനുബന്ധിച്ച് പ്രദീപ് തേവന്നൂർ മെമ്മോറിയൽ അവാർഡ് വിതരണം ഉണ്ടായിരിക്കും. വിശദവിവരങ്ങൾക്ക്: 9496275305, 8281670612

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
20.11.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on
9188526671, 9188526675 , 9188526670, 9188526674